**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 708 **09.08.2017**-ലെ മറുപടിക്ക്

**അരൂർ നിയോജകമണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ഇത്തിത്തറ കോളനി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജകമണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ഇത്തിത്തറ കോളനിയിൽ സ്വാശ്രയ പട്ടികജാതി കോളനി പദ്ധതിപ്രകാരം എത്ര രൂപയുടെ പ്രവൃത്തികളാണ് നിർവ്വഹിച്ചത്; | (എ) | അരൂർ നിയോജക മണ്ഡലത്തിലെ ഇത്തിത്തറ കോളനിയിൽ 39,73,823/- രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. |
| (ബി) | ഒരു കോടി രൂപയിൽ ഉൾപ്പെടുത്തി തുടർപദ്ധതികൾ നിർദ്ദേശിച്ചത് നിർവ്വഹിക്കുന്നതിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) എന്ന ഏജൻസി കാണിച്ച ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടി കോളനിയിൽ പ്രവൃത്തികൾ ചെയ്യുന്നതിന് സാങ്കേതികമായ തടസ്സങ്ങളും ഏജൻസിയുടെ ഭാഗത്തുനിന്നും ബോധപൂർവ്വമല്ലാതെയുള്ള വീഴ്ചകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നിർവ്വഹണ ഏജൻസിയുടെ നിരുത്തരവാദിത്വം കൊണ്ട് അവിടേയ്ക്ക് ശുപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ തുടർന്ന് നടത്തുന്നതിന് കഴിയുമോ; | (സി) | പ്രസ്തുത പ്രവൃത്തികളിൽ ഇതിനോടകം ആരംഭിച്ചവ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2017 ഒക്ടോബർ 31 വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഒരു കോടി രൂപയിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ കോർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ? | (ഡി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ച് ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ